**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**<u>തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1722 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. രാജഗോപാലൻ** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് എത്ര മാസത്തെ വേതന കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ : | (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലുള്ള സംസ്ഥാനത്തെ തൊഴിലാളികൾക്ക് 08-12-2017 മുതൽ 23-01-2018 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ 85.39 കോടി രൂപ കുടിശ്ശികയുണ്ട്.<br>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിലവിൽ വേതന കുടിശ്ശിക ഇല്ല |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ ? | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ കായിക ജോലിക്ക് കൂലി നിരക്ക് കേന്ദ്ര സർക്കാരാണ് ഓരോ വർഷവും നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നത്. ഓരോ വർഷവും കേന്ദ്ര സർക്കാർ സി.പി.ഐ-എ.എൽ (കൺസ്യൂമർ പ്രൈസ് ഇൻഡക്സ്- അഗ്രികൾച്ചറൽ ലേബർ) മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു വരുന്നുണ്ട്. 01-04-2017-മുതൽ കൂലി നിരക്ക് 258/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെയും കൂലി നിരക്ക് 01.04.2017 മുതൽ 258/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ